LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവത്തന പുരോഗതി മാസംതോറും അവലോകനം ചെയ്ത് പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും റിയാബിന്റെയും നേതൃത്വത്തിൽ വിശദമായ വിലയിരുത്തൽ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി & സി) ഈ സർക്കാരിന്റെ കാലയളവിൽ റിയാബിന്റെ ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും നിലവിലില്ല.

ഇന്ത്യയിൽ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ച വച്ചിട്ടുള്ളത്.

വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശരാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം എന്നിവമൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കനുയോജ്യമായി ദീർഘ/ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 849.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക്ക വിധത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഒറ്റപ്പാലത്തെ വ്യവസായ സംരംഭങ്ങൾ

213 (598) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലത്തിന്റെ വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലത്ത് ഏതെല്ലാം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കാമോ;

(സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് വ്യവസായ മേഖലയിൽ ലക്ഷ്യമിടുന്നത്; ആയതിന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലത്തെ ഓരോ വ്യവസായ സ്ഥാപനത്തിനും എത്ര യൂക അനുവദിച്ചു; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഒറ്റപ്പാലം താലൂക്കിലെ ഓരോ ബ്ലോക്കിലും ഒന്നു വീതം സംരംഭക ബോധവത്ക്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും സംഘടിപ്പിച്ചു. 2014-15, 2015-16 വർഷങ്ങളിൽ ഓരോ ബ്ലോക്കിലും രണ്ടു വീതം സംരംഭക ബോധവത്ക്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും 2 നിക്ഷേപക സംഗമവും സംഘടിപ്പിച്ചു. നിക്ഷേപക സംഗമത്തിലൂടെ സംരംഭകരെ സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്തു. 2014-15-ൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഒറ്റപ്പാലം താലൂക്കിൽ നിന്ന് 45 പേർ പങ്കെടുത്തു. ഉത്പന്ന വിപണനത്തിനായി ഒരു എക്സിബിഷനും സംഘടിപ്പിച്ചു.

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം പ്രോജക്ട് യൂകയുടെ 35%-വും പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 40%-വും പിന്നോക്ക വിഭാഗത്തിന് 30%-വും ജനറൽ വിഭാഗത്തിന് 25%-വും സബ്സിഡിയായി നൽകിയിട്ടുണ്ട്.

കിൻഫ്രയുടെ കീഴിൽ 60 ഏക്കർ ഭൂമിയിൽ ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫോട്ടോഗ്രാഫി, വർക്ക്ഷോപ്പ്, റൈസ് മിൽ, ബേക്കറി, തയ്യൽ, സ്റ്റുഡിയോ എന്നിങ്ങനെ ഈ സർക്കാരിന്റെ കാലത്ത് 2331 സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഖാദി ഗ്രാമ വ്യവസായ ബോർഡിന് 1,06,16,530 രൂപയുടെ പ്രോജക്ട് അംഗീകരിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും കിൻഫ്രയിൽ നിന്നുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ഇവിടെ 13 സ്ഥാപനങ്ങൾക്ക് 35,33,030 രൂപയും പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 8 സ്ഥാപനങ്ങൾക്ക് 5,33,844 രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ യഥാക്രമം 11,826 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

കൈത്തറി ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly